## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12.03.2018-ൽ |
| ചോദ്യം നമ്പർ - 2529 | മറുപടിയ്ക്ക് |

## ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡ് പ്രവൃത്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മണലൂർ മണ്ഡലത്തിലെ ചാവക്കാട് - കാഞ്ഞാണി പാതയിൽ ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡിന്റെ ഇടുങ്ങിയ ഭാഗം വീതി കൂട്ടുന്നതിനായി 19.11.2015ലെ ജി.ഒ (ആർ.ടി) നം. 1693/2015/ പി.ഡബ്ല്യു.ഡി പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കല്ല് സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കളക്ടർ പുതിയ അർത്ഥനയും, അലൈൻമെൻറ് സ്കെച്ചും സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഉടമകളുടെ യോഗം വിളിച്ച് ചേർത്ത് കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. |
| (സി) കാലതാമസം ഒഴിവാക്കുന്നതിനായി ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുത്ത് റോഡ് വീതികൂട്ടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) ഡയറക്ട് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) വളരെയേറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ? | (ഡി) സ്ഥലം ഏറ്റെടുത്ത് കിട്ടുന്ന മുറക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ